സി.ഇ.ഇ./4900/പി.ജി.എം./2020/റ്റി.എ.3.

**കേരള സർക്കാർ**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ
തിരുവനന്തപുരം–685 001.

**പത്രക്കുറിപ്പ്**

**2020–21 ലെ പി.ജി.മെഡിക്കൽ /ദന്തൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം രണ്ടാം ഘട്ട അലോട്ടമെന്റ് 08.07.2020 ന് പ്രസിദ്ധീകരിക്കും.**

2020–21 അദ്ധ്യയന വർഷത്തെ ബിരുദാനന്തര ബിരുദ മെഡിക്കൽ/ ദന്തൽ (ഡിഗ്രി) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന്റെ രണ്ടാം ഘട്ട അലോട്ട്മെന്റ് 08.07.2020 ന് പ്രസിദ്ധീകരിക്കും.

സംസ്ഥാനത്തെ മെഡിക്കൽ/ ദന്തൽ കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സ് പ്രവേശനത്തിനായി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ്, കാറ്റഗറി ലിസ്റ്റ് എന്നിവയുടെയും 02.07.2020 മുതൽ 07.07.2020 രാവിലെ 10 മണിവരെ വരെ www.cee.kerala.gov.in എന്ന വെബ് സൈറ്റിലൂടെ ലഭിച്ച ഓൺലൈൻ ഓപ്ഷനുകളുടെയും അടിസ്ഥാനത്തിലായിരിക്കും രണ്ടാം ഘട്ട മെഡിക്കൽ /ദന്തൽ അലോട്ട്മെന്റുകൾ പ്രസിദ്ധീകരിക്കുന്നത്.

ആൾ ഇന്ത്യ ക്വാട്ട/ഡീംഡ്/സെൻട്രൽ യൂണിവേഴ്സിറ്റികളിൽ പി.ജി. മെഡിക്കൽ /ദന്തൽ കോഴ്സുകളിലേയ്ക്ക് രണ്ടാം ഘട്ട അലോട്ട്മെന്റിലൂടെ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് 02.07.2020 ലെ എം.സി.സി യുടെ നോട്ടീസ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ പരിശോധിക്കാവുന്നതാണ്. ഇത്തരത്തിൽ ആൾ ഇന്ത്യ ക്വാട്ട/ഡീംഡ്/സെൻട്രൽ യൂണിവേഴ്സിറ്റികളിൽ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം വിവിധ മെഡിക്കൽ /ദന്തൽ കോളേജുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകൾ റദ്ദാക്കപ്പെടുന്നതിനാൽ ഇവരെ സംസ്ഥാനത്തെ മെഡിക്കൽ /ദന്തൽ കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിലോ,തുടർന്നുള്ള അലോട്ട്മെന്റുകളിലേക്കോ പരിഗണിക്കുന്നതായിരിക്കില്ല.

Seetha

തിരുവനന്തപുരം,
07.07.2020

പ്രവേശന പരീക്ഷാകമ്മീഷണർ